**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 510** **11-06-2024 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ ശമ്പളം മുടങ്ങിയതും ക്ഷാമബത്ത കുടിശ്ശികയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള തീയതികളിൽ ശമ്പളം വിതരണം ചെയ്യാൻ കഴിയാതെ പോയ സ്ഥിതിവിശേഷം ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ സ്ഥിതിവിശേഷം ആവർത്തിയ്ക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതുമാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.<br><br>കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചതിനെതിരെ ഈ സർക്കാർ ബഹു. സുപ്രീം കോടതിയിൽ suit ഫയൽ ചെയ്യുകയും, എന്നാൽ സംസ്ഥാനത്തിന്റെ അവകാശം സംരക്ഷിക്കാൻ സ്യൂട്ട് ഫയൽ ചെയ്തു എന്ന ഒറ്റക്കാരണത്താൽ സംസ്ഥാനത്തിന്റെ അർഹതപ്പെട്ട വായ്പ തടഞ്ഞു വച്ചുവെങ്കിലും മേൽ suit-ലെ ബഹു. സുപ്രീം കോടതിയുടെ ഇടപെടലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട വായ്പയായ 13608 കോടി രൂപ രണ്ടു ഘട്ടങ്ങളിലായി അനുവദിക്കാൻ കേന്ദ്രം നിർബന്ധിതമായി. മേൽ അർഹതപ്പെട്ട വായ്പ സംസ്ഥാന സർക്കാരിന് കഴിഞ്ഞ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തിലെ അവസാന പാദത്തിന്റെ ആദ്യം ലഭിക്കേണ്ടത് സുപ്രീം കോടതി suit- ന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചതാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.<br><br>പ്രസ്തുത പ്രതികൂല സാഹചര്യത്തിലും ലഭ്യമായ പരിമിത വിഭവങ്ങൾ ഉപയോഗിച്ചും ചെലവുകൾ പരമാവധി ചുരുക്കിയുമാണ് സർക്കാർ ഈ പ്രതിസന്ധി തരണം ചെയ്തത്. |
| (ബി) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഏറ്റവും ഒടുവിലായി എത്ര ശതമാനം ക്ഷാമബത്തയാണ് നൽകിയത്; ഇനി എത്ര ശതമാനം ക്ഷാമബത്തയാണ് കുടിശ്ശികയുള്ളത്; ഏറ്റവും ഒടുവിലായി പ്രഖ്യാപിച്ച ക്ഷാമബത്തയുടെ കുടിശ്ശിക ഏതെല്ലാം ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്; മറ്റ് ജിവനക്കാർക്ക് ഏറ്റവും ഒടുവിലായി പ്രഖ്യാപിച്ച ക്ഷാമബത്തയുടെ ഏത് തീയതി മുതലുള്ള കുടിശ്ശികയ്ക്കാണ് അർഹതയുള്ളത്; അത് എപ്പോൾ നൽകാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് (UGC/AICTE/Medical Education Scale എന്നിവയിൽ ഉൾപ്പെട്ടവർ ഒഴികെ) 12-03-2024-ലെ G.O.(P) No.17/2024/Fin ഉത്തരവ് പ്രകാരം 2 ശതമാനവും UGC/AICTE/Medical Education സ്കെയിലിൽ വരുന്ന അദ്ധ്യാപകർക്ക് 11.03.2024-ലെ G.O.(P) No.16/2024/Fin പ്രകാരം 14 ശതമാനവും കേരള സർക്കാരിനു വേണ്ടി പ്രവർത്തിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് 02.05.2024-ലെ G.O.(P) No.34/2024/Fin പ്രകാരം 4 ശതമാനവും സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് 08.05.2024-ലെ G.O.(P) No. 36/2024/Fin പ്രകാരം 4 ശതമാനവും ക്ഷാമബത്തയാണ് അനുവദിച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാരുടെയും UGC/AICTE/Medical Education സ്കെയിൽ എന്നിവയിൽ ഉൾപ്പെടുന്നവരുടെയും ക്ഷാമബത്ത കുടിശ്ശിക കണക്കാക്കി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കും സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്കും ക്ഷാമബത്ത കുടിശ്ശികയില്ല. ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | സർക്കാർ പ്രഖ്യാപിച്ച ക്ഷാമബത്തയുടെ കുടിശ്ശിക വിവേചനപരമായി വിതരണം ചെയ്യാനിടയായത് ഏത് സാഹചര്യത്തിലാണ്; എല്ലാ വിഭാഗം ജീവനക്കാർക്കും അർഹതപ്പെട്ട കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് കേന്ദ്രസർക്കാർ ക്ഷാമബത്ത അനുവദിക്കുന്ന മുറയ്ക്ക് അത് ലഭിക്കാൻ അർഹതയുണ്ട്. സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാരിന്റെ ഉത്തരവില്ലാതെ കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മൊറാണ്ടം പുറപ്പെടുവിക്കുന്നതനുസരിച്ചാണ് ക്ഷാമബത്ത ലഭിച്ചുകൊണ്ടിരുന്നത്. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കും കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | ഓഫീസ് മെമ്മൊറാണ്ടം പുറപ്പെടുവിക്കുന്ന തിനനുസൃതമായി ഒരു ഉത്തരവ് പുറപ്പെടുവിച്ചാണ് ക്ഷാമബത്ത അനുവദിച്ചുവരുന്നത്. രണ്ടാം ദേശീയ ജുഡീഷ്യൽ ശമ്പള കമ്മീഷന്റെ ശിപാർശകൾ അംഗീകരിച്ചുകൊണ്ടുള്ള WP(C) 643/2015 -ലെ ബഹു.സുപ്രീംകോടതിയുടെ 19.05.2023-ലെ ഉത്തരവ് പ്രകാരം സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് മൂന്ന് മാസത്തിനുള്ളിൽ ക്ഷാമബത്ത അനുവദിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് കുടിശ്ശികയില്ലാതെ ക്ഷാമബത്ത അനുവദിച്ചുവരുന്നത്. സംസ്ഥാന സർക്കാർ ജീവനക്കാർക്കും UGC/AICTE/Medical Education Scale എന്നിവയിൽ ഉൾപ്പെട്ട അദ്ധ്യാപകർക്കും അനുവദിച്ച ക്ഷാമബത്തയുടെ പ്രാബല്യ തീയതിയും, കുടിശ്ശിക സംബന്ധിച്ചുള്ള വിഷയവും ഉചിതമായ സമയത്ത് പരിശോധിക്കുന്നതാണ്. ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ